PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting) 1970

Wednesday, the 25th March, 1970

Vol. XXVI] OFFICIAL REPORT **[No. 29**

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Wednesday, 25th March, 1970, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session)

ORAL ANSWERS

പുതുതായി ആരംഭിച്ച ഫ്ളഡ് കൺട്രോൾ വർക്സ്

* 217. (863) [ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്):
,, ഇ. വി. കുമാരൻ
,, എ. എസ്. പുരുഷോത്തമൻ:
,, പി. കുഞ്ഞൻ:
,, സി. വാസുദേവമേനോൻ.
,, സി. ഗോവിന്ദപ്പണിക്കർ;
,, എ. എസ്. എൻ. നമ്പീശൻ;
,, എം. കെ. കൃഷ്ണൻ:
,, കെ. ഐ. രാജൻ:
,, ഇ. ടി. കുഞ്ഞൻ:
,, പി. പി. കൃഷ്ണൻ:
,, പി. ജി. പുരുഷോത്തമൻപിള്ള:
,,. ഡാ. പി. കെ. സുകുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967 മാർച്ചിനുശേഷം എത്ര ഫ്ളഡ് കൺട്രോൾ വർക്സ് പുതുതായി ആരംഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്രയെണ്ണം ടെണ്ടർ ക്ഷണിക്കാതെ നടപ്പാക്കിയിട്ടുണ്ട്;

(സി) നേരത്തെ പരിഗണനയിലുള്ള എത്ര പണികൾ തൻമൂലം വിളംബപ്പെട്ടിട്ടുണ്ട്?

2/3028/MC

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) മാർച്ച് 1967 മുതൽ 1970 ജനുവരി 16-ാം തീയതി വരെ 25.

(ബി) 7.

(സി) ഒന്നുമില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്:) ഈ ഏഴു വർക്കുകളും എവിടെയൊക്കെയാണ് കൊടുത്തിട്ടുള്ളത്? ആർക്കൊക്കെയാണ്? അവരുടെ പേരു വിവരം പറയാമോ?

Shri O. Koran:

1. Flood control work on the right bank of Pamba river-construction of groynes between Kudiyannoor and Thottapuzhassey.

2. Flood control works-protection works to the left bank of Pamba river crossing Sy. No. 117/5 at Pacookara, Mannar.

3. Local needs of Pandanad-permanent protective measures to the left bank of Pamba river below Kanjirakattu and Kuriyathodu ferries

4. Flood control works constructing two numbers of groynes on the south bank of Pamba river near Koodarathil veedu.

5. Flood control works constructing groynes near Mankotti thodu in Veeyapuram Panchayat.

6. Flood control works-construction of retaining wall in Sy. No. 21/A and 35/14 in Pandanad.

7. Flood control works in Chenganda river.

വ്യക്തികൾക്കല്ല ഈ വർക്കുകൾ കൊടുത്തിട്ടുള്ളത്. സ്ഥാപനങ്ങൾക്കാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഓരോ ജില്ലയിലും എത്ര വർക്കുവീതമാണ് കൊടുത്തിട്ടുള്ളതെന്നു പറയാമോ?

ശ്രീ. ഒ. കോരൻ:

ഡിവിഷൻ		വർക്കുകളുടെ എണ്ണം
തിരുവനന്തപുരം	—	2
കൊല്ലം	—	2
ആലപ്പുഴ	—	4
തൃശ്ശൂർ	—	1
കോഴിക്കോട്	—	4
തലശ്ശേരി	—	5

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഇതിൽ എത്ര വർക്കുകളാണ് പൂർത്തിയാക്കാനുള്ളത്? പൂർത്തിയാക്കാനുള്ളവ എന്നു പൂർത്തിയാക്കാൻ കഴിയുമെന്നു പറയാമോ?

ശ്രീ. ഒ. കോരൻ: പൂർത്തിയാക്കാത്തത് ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കുഞ്ഞൻ: ഈ ഏഴെണ്ണത്തിൽ എത്രയെണ്ണം വ്യക്തികൾക്ക് കൊടുത്തിട്ടുണ്ട്, എത്രയെണ്ണം സൊസൈറ്റികൾക്ക് കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ഒ. കോരൻ: പ്രത്യേകിച്ച് നാം അംഗീകരിച്ചിട്ടുള്ള നിബന്ധനയനുസരിച്ച് പഞ്ചായത്തുകൾക്കും ലേബർ കാൺട്രാക്ട് സൊസൈറ്റികൾക്കുമാണ് കൊടുത്തിട്ടുള്ളത്. ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള തത്വമനുസരിച്ചു മാത്രമേ കൊടുത്തിട്ടുള്ളൂ. വ്യക്തികളെയല്ല സൊസൈറ്റികളും പഞ്ചായത്തുകളും അധികാരപ്പെടുത്തുന്നത്. പഞ്ചായത്തുകൾ പ്രമേയം പാസാക്കിയിട്ട് ഇന്നയിന്ന ആളെ അതിനുവേണ്ടി അധികാരപ്പെടുത്തുന്നു എന്നു പറഞ്ഞാൽ അവർക്കുമാത്രമേ ഗവൺമെൻറ് വർക്ക് കൊടുക്കുകയുള്ളൂ.

ശ്രീ. എം. കെ. കൃഷ്ണൻ: നെഗോഷിയേറ് ചെയ്തു കാൺട്രാക്ട് കൊടുക്കുന്നത് എത്ര സംഖ്യക്ക് താഴെ കൊടുക്കാമെന്നും, എത്ര സംഖ്യക്ക് മേലേ കൊടുക്കാൻ പാടില്ലെന്നും വ്യവസ്ഥയുണ്ടോ?

ശ്രീ. ഒ. കോരൻ: ഉണ്ട്.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: ആ വ്യവസ്ഥയെ ലംഘിച്ചുകൊണ്ട് ഇങ്ങനെ നെഗോഷിയേറ് ചെയ്തു കൊടുത്തിട്ടുള്ള സംഭവങ്ങളുണ്ടോ?

ശ്രീ. ഒ. കോരൻ: 50,000 രൂപാവരെ കൊടുക്കാമെന്നാണ് വ്യവസ്ഥയുണ്ടായിരുന്നത്. ആ അടിസ്ഥാനത്തിൽ മാത്രമേ കൊടുത്തിട്ടുള്ളൂ. കൂടുതൽ ആർക്കും കൊടുത്തിട്ടില്ല.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: പാണ്ടനാട്ടെ വർക്കിന്റെ അടങ്കൽത്തുക എത്രയാണെന്നു പറയാമോ?

ശ്രീ. ഒ. കോരൻ: 50,000 രൂപക്ക് മുകളിൽ വരുന്ന സംഖ്യയാണെങ്കിൽ സ്പ്ലിറ് ചെയ്തിട്ട് 50,000 രൂപക്കുള്ള വർക്കാക്കി കൊടുക്കാനുള്ള തീരുമാനം ഗവൺമെൻറ് എടുത്തിരുന്നു. അത് ഈ ഗവൺമെൻറ് വരുന്നതിനു മുൻപേ എടുത്തിട്ടുള്ള ഒരു തീരുമാനമാണ്. ആ അടിസ്ഥാനത്തിലാണ് കൊടുക്കുന്നത്.

ശ്രീ. ഇ. ററി. കുഞ്ഞൻ: തൃശ്ശൂർ ഡിവിഷനിൽ കൊടുത്തിട്ടുള്ള വർക്കുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ആളുകൾ രൂപീകരിച്ചിട്ടുള്ള സൊസൈറ്റികൾക്കും, വലതുകമ്മ്യൂണിസ്റ്റുകാർ ചേർന്നുണ്ടാക്കിയിട്ടുള്ള സൊസൈറ്റികൾക്കുമാണ് കൊടുത്തിട്ടുള്ളതെന്നു പറയുന്നത് ശരിയാണോ?

ശ്രീ. ഒ. കോരൻ: തൃശ്ശൂർ ഡിവിഷനിൽ കൊടുത്തിട്ടുള്ളത് കുഞ്ഞനു പരിചയമുള്ള കൂടല്ലൂരിൽ ഭാരതപ്പുഴയുടെ പരിസരത്താണ്. അതൊരു പാർട്ടിക്കാർക്കല്ല കൊടുത്തിട്ടുള്ളത്. പഞ്ചായത്തുകളോ, ലേബർ കാൺട്രാക്ട് സൊസൈറ്റികളോ, അതുപോലുള്ള സ്ഥാപനങ്ങളോ മുന്നോട്ടുവരികയാണെങ്കിൽ അവർക്ക് മുൻഗണനകൊടുക്കണമെന്ന തീരുമാനമാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത്. അതനുസരിച്ച് മാത്രമേ കൊടുത്തിട്ടുള്ളൂ.

ശ്രീ. പി. പി. കൃഷ്ണൻ: എത്ര രൂപയുടെ എസ്റ്റിമേറാണ് ഇങ്ങനെ സ്പ്ലിറ് ചെയ്തു കൊടുത്തിട്ടുള്ളതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: നോട്ടീസ് വേണം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: ഇത്ര രൂപയിൽ കൂടുതലുള്ള വർക്കുകൾ നെഗോഷിയേറ് ചെയ്തു കൊടുക്കാൻ പാടില്ലെന്നിരിക്കേ ആ വർക്കുകൾ സ്പ്ലിറ് ചെയ്തു കൊടുക്കുന്നത് ഇത്ര രൂപയിൽ കൂടുതൽ പാടില്ലെന്നുള്ള നിബന്ധനയിൽനിന്നും രക്ഷപ്പെടുന്നതിനല്ലേ?

ശ്രീ. ഒ. കോരൻ: ഇങ്ങനെ ചെയ്യുന്നത് പ്രത്യേകിച്ച് രക്ഷപ്പെടാനോ രക്ഷപ്പെടാതിരിക്കാനോ അല്ല. ആദ്യമായി ശ്രമദാനത്തിന് മുന്നോട്ടു വരികയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കൊടുക്കാമെന്നു പറഞ്ഞു. അതിനു ആരും മുന്നോട്ടുവന്നില്ല. പിന്നീട് പഞ്ചായത്തുകളോ അതുപോലുള്ള സ്ഥാപനങ്ങളോ മുന്നോട്ടുവരികയാണെങ്കിൽ അവർക്ക് മുൻഗണന കൊടുക്കണമെന്നു ഗവൺമെൻറ് തീരുമാനമെടുത്തു. അങ്ങനെ വരുമ്പോൾ ഈ വർക്കുകളുടെ സംഖ്യ പരമാവധി 50,000 രൂപയായി സ്പ്ലിറ് ചെയ്തു കൊടുക്കുകയാണെങ്കിൽ അതുകൊണ്ട് ഗുണമുണ്ടാകുമെന്നു വിചാരിച്ചാണ് അങ്ങനെ ചെയ്തത്. ഇത് ഈ ഗവൺമെൻറ് വരുന്നതിനു മുൻപേ എടുത്തിട്ടുള്ള ഒരു തീരുമാനമാണ്.

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: അപ്പർകുട്ടനാട് സൊസൈറ്റി ബോഗസ് സൊസൈറ്റിയാണെന്നും അവരെ ഏൽപ്പിക്കുന്ന വർക്കുകളെല്ലാം ചില പ്രത്യേക വ്യക്തികൾക്ക് കൊടുക്കുകയുമാണെന്നുള്ള പരാതികൾ ധാരാളമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ പഞ്ചായത്തുകൾക്ക് കൊടുക്കുന്ന വർക്കുകൾ മുഴുവൻ തന്നെ ഓരോ റഗുലർ കൺട്രാക്ടർമാർക്ക് കൊടുത്ത് ലാഭമുണ്ടാക്കുകയും ഇതൊരു തൊഴിലായി വച്ചു നടത്തുകയുമാണെന്നുമുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: അപ്പർ കുട്ടനാട് സൊസൈറ്റിയെപ്പറ്റി ആക്ഷേപം വന്നതുകൊണ്ടാണ്, പഞ്ചായത്തുകളെ ഈ ചുമതല ഏൽപ്പിച്ചാൽ അവർക്ക് കുറേ ഉത്തരവാദിത്വമുണ്ടല്ലോ എന്നു കരുതി അവരെ ഈ ജോലി ഏൽപ്പിക്കാൻ ഗവൺമെൻറ് തീരുമാനിച്ചത്. പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിലും ആക്ഷേപമുണ്ടായിക്കൂടെന്നില്ല. അങ്ങനെ ആക്ഷേപങ്ങളുണ്ടാകാത്ത രീതിയിൽ ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്.

ശ്രീ. ഇ. ജോൺജേക്കബ്: അപ്പർ കുട്ടനാടു കർഷകസംഘം ബോഗസ് സംഘടനയാണെന്നും ഇതു വ്യക്തികൾക്കു ലാഭമുണ്ടാക്കാൻ വേണ്ടി ചെയ്യുന്നതണെന്നും മറ്റും ഇവിടെ പറയുന്നതു കേട്ടു. അപ്പർ കുട്ടനാടു കർഷകസംഘം എന്നു പറയുന്നത് ഏകദേശം ഇരുപത്തയ്യായിരം കൃഷിക്കാർക്ക് മെംബർഷിപ്പുള്ള രജിസ്റ്റർചെയ്തിട്ടുള്ള ഒരു സംഘടനയാണ്. ആ സംഘടന ഏറ്റെടുത്തുനടത്തിയിട്ടുള്ള വർക്കുകൾ എല്ലാംതന്നെ വളരെ കാര്യക്ഷമമായിട്ടാണ് നടത്തിയിട്ടുള്ളതെന്നുള്ള കാര്യം ഗവൺമെൻറിനറിയാമോ? അതുപോലെതന്നെ മുൻഗവൺമെൻറ് ഇതിൻമേൽ തീരുമാനമെടുത്തിട്ടുള്ളതും അതിനു വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളതും ഈ ഗവൺമെൻറിനറിയാമോ?

ശ്രീ. ഒ. കോരൻ: മെംബർഷിപ്പിനെപ്പറ്റിയുള്ള ചോദ്യം ഇപ്പോൾ പ്രസക്തമല്ല. അപ്പർ കുട്ടനാട് കർഷകസംഘം പ്രവൃത്തി ഏറ്റെടുക്കാൻ മുന്നോട്ടുവന്നപ്പോഴാണ് ഗവൺമെൻറിലേക്ക് റിപ്പോർട്ടു തന്നത്. അപ്പോൾ ഗവൺമെൻറ് അന്വേഷിക്കാൻവിട്ടു. ഗവൺമെൻറ് റിക്കാർഡ് നോക്കുന്ന അവസരത്തിൽ ചില തെറ്റുകുറ്റങ്ങൾ ഉണ്ടായി എന്നു കാണാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ജോൺജേക്കബ്: അപ്പർ കുട്ടനാടു കർഷകസംഘത്തിന്റെ ഇങ്ങനെയുള്ള അവകാശങ്ങളും ഗവൺമെന്റിൽനിന്നു റദ്ദുചെയ്തപ്പോൾ ഇനിയും ഇങ്ങനെയുള്ള നോമിനികൾക്കു കൊടുക്കുകയില്ലെന്ന് അന്നത്തെ മന്ത്രിമാർ അവർക്ക് ഉറപ്പു കൊടുത്തിട്ടുള്ള കാര്യം അറിയാമോ?

[ശ്രീ. ഒ. കോരൻ: 31-7-1967 ൽ ഇതിനെസംബന്ധിച്ചെല്ലാം ഡിസ്ക്കസ്ചെയ്യാൻവേണ്ടി അന്നത്തെ മന്ത്രിമാർ കോൺഫറൻസ് വിളിച്ചുകൂട്ടുകയും ഈ ജോലി മുന്നോട്ടുകൊണ്ടുപോകേണ്ടത് ഏതുവിധത്തിലാണെന്ന് ഡിസ്ക്കസ്ചെയ്യുകയുമുണ്ടായി. അന്ന് പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണെങ്കിൽ ഇപ്പോഴുള്ള ആക്ഷേപം ഉണ്ടാകുകയില്ലെന്നു തീരുമാനമെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് മുന്നോട്ടു പോയിട്ടുള്ളത്.

[ശ്രീ. ഇ. ജോൺജേക്കബ്: പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണെങ്കിൽ പിന്നെ [പത്യേകം ഒരു നോമിനിക്ക് കൊടുത്തുകൂടാ എന്നു തീരുമാനമെടുക്കുകയും അതിനുവിരുദ്ധമായി കഴിഞ്ഞകാലഗവൺമെന്റ് ചെയ്യുകയും ചെയ്തു എന്നുള്ള കാര്യം ഗവൺമെന്റിനറിയാമോ?

[ശ്രീ. ഒ. കോരൻ: അങ്ങനെ ചില ആക്ഷേപങ്ങളും ഉണ്ടായിരിക്കാം.

[ശ്രീ. കെ. കരുണാകരൻ: 1967 മാർച്ചിനുശേഷം 7 വർക്കുകളാണ് കൊടുത്തിട്ടുള്ളത് എന്നുപറഞ്ഞു. ഈ 7 വർക്കുകളുടെ എസ്റ്റിമേറ്റ് മുമ്പത്തെ എസ്റ്റിമേറ്റിനെക്കാളും കൂടിയ നിരക്കിലാണോ കുറഞ്ഞ നിരക്കിലാണോ കൺ[ട്രാക്ടർക്ക് കൊടുത്തിട്ടുള്ളത്?

[ശ്രീ. ഒ. കോരൻ: സാധാരണയായി എസ്റ്റിമേറ്റിന് 5 ശതമാനം ആനുകൂല്യം കൊടുക്കണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതനുസരിച്ചുകൊടുത്തിട്ടുണ്ട്.

[ശ്രീ. കെ. കരുണാകരൻ: ഈ 7 വർക്കുകളിൽ ഓരോ വർക്കിനും കൊടുത്ത തുക എ[ത്രവീതമാണെന്നു പറയാമോ?

[ശ്രീ. ഒ. കോരൻ : [പത്യേക ചോദ്യം ചോദിക്കണം.

[ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട മെംബർ ജോൺ ജേക്കബ് ഒരു തീരുമാനത്തെക്കുറിച്ച് ഇവിടെ പരാമർശിച്ചു. ആ തീരുമാനമെടുത്ത കാലത്ത് ഈ വകുപ്പിന്റെ മന്ത്രി ആരായിരുന്നു എന്നു പറയാമോ?

[ശ്രീ. ഒ. കോരൻ: അത് ബഹുമാനപ്പെട്ട മെംബർക്കറിവുള്ളതാണ്.

[ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അറിവില്ലായ്മകൊണ്ടല്ല ചോദിച്ചത്.

[ശ്രീ. എം. മൊയ്തീൻകുട്ടിഹാജി: കടലുണ്ടിപ്പുഴയിലെ ഫ്ളഡ് കൺ[ട്രോളിനുവേണ്ടി ഒരു സ്കീം രണ്ടായി തിരിക്കുകയും അതിൽ റെഗുലേറ്ററിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. കട്ടിന്റെ പണി പൂർത്തിയാക്കാതിരിക്കുന്നതുകൊണ്ടു വൈഷമ്യങ്ങളും ഗവൺമെന്റിന്റെ [ശദ്ധയിൽപെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പണി അടിയന്തിരമായി തുടങ്ങാൻ നിർദ്ദേശം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. കോരൻ: അതെപ്പറ്റി ആലോചിച്ച് വേണ്ടതുചെയ്യാം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഫ്ളഡ് കൺട്രോൾസ്കീമുകൾ സെലക്ട് ചെയ്യുന്നത് ചീഫ് ഇഞ്ചിനിയർ കൺവീനറായ ടെക്നിക്കൽ കമ്മിറ്റിയാണ്. ഈ കമ്മിറ്റി സാധാരണയായി എല്ലാ പ്രദേശത്തെയും കണക്കിലെടുക്കാറില്ല. ഏറെടുത്ത 7 വർക്കുകൾതന്നെ വളരെക്കാലമായി വച്ചുകൊണ്ടിരിക്കുകയാണ്. അതേ അവസരത്തിൽ ചില പ്രത്യേക സമ്മർദ്ദത്തിന്റെ ഫലമായി ചില പ്രത്യേക സ്ഥലങ്ങളിലെ വർക്കുകൾ വേഗം ചെയ്തുതീർക്കുന്നുമുണ്ട്. ഇതിന്റെ കാരണമെന്താണെന്നു പറയാമോ?

ശ്രീ. ഒ. കോരൻ: ഫണ്ടിന്റെയുംമറ്റും സൗകര്യം നോക്കിയിട്ടാണ് വർക്കുകൾ ചെയ്യാറുള്ളത്. ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെയുള്ളകാര്യങ്ങളുണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: പമ്പാസ്കീം അനുസരിച്ചുള്ള കനാലിന്റെ ലെഫ്റ്റ് ബണ്ട് എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്?

ശ്രീ. ഒ. കോരൻ: ഇപ്പോൾ അതിന്റെ പ്രവൃത്തി കംപ്ലീറ്റുചെയ്തു എന്നാണ് റിപ്പോർട്ടിൽ കാണുന്നത്.

ശ്രീ. എം. രാമുണ്ണി: കോൺട്രാക്ട് തുക സ്പ്ലിറ്റ് ചെയ്തുകൊടുക്കാമെന്നാണു പറഞ്ഞത്. അങ്ങനെ കൊടുക്കുമ്പോൾ ഒരാളിന് കൊടുക്കുന്ന തുകയുടെ മാക്സിമത്തിനു സീലിംഗ് വച്ചിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: വ്യക്തികൾക്കല്ല ഇതു കൊടുക്കുന്നത്. സ്പ്ലിറ്റ് ചെയ്തുകൊടുക്കാനുള്ള കാരണം ചില വർക്കുകൾമാത്രമേ അവരെ ഏൽപ്പിച്ചിട്ടുള്ളൂ. അതു കാര്യക്ഷമമായി ചെയ്തു തീർക്കാൻവേണ്ടിയാണ് പഞ്ചായത്തുകളെ ഏൽപ്പിക്കുന്നത്. അല്ലാതെ വ്യക്തികൾക്കു കൊടുത്തിട്ടില്ല.

ശ്രീ. എം. രാമുണ്ണി: അങ്ങനെ കൊടുക്കുമ്പോൾ മാക്സിമത്തിനു വല്ല സീലിംഗും വച്ചിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചത്.

ശ്രീ. ഒ. കോരൻ: ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുശരിയാണ്. ആക്ഷേപമുള്ളതുകൊണ്ട് പഞ്ചായത്തുകൾ മുമ്പോട്ടുവന്ന് അതിന്റെ പരിപൂർണ്ണഉത്തരവാദിത്വം ഏറെടുത്താൽ അവർമാത്രം മതിയെന്നാണ് തീരുമാനം.

ശ്രീ. എ. പി. കുര്യൻ: ഫ്ളഡ് കൺട്രോൾ വർക്സ് ഏറെടുക്കുമ്പോൾ കുട്ടിയാമു ചെയർമാനായുള്ള കമ്മിറ്റി ഗവൺമെന്റിലേക്കു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ അവ ഏറെടുത്തു നടത്തുന്നത്?

ശ്രീ. ഒ. കോരൻ: ഫ്ളഡ് കൺട്രോൾ വർക്കുകൾ ഏറെടുക്കുന്നതും കുട്ടിയാമുവിന്റെ റിപ്പോർട്ടുമായി യാതൊരു ബന്ധവുമില്ല. പ്രത്യേകിച്ച് ചില നടപടികൾ അംഗീകരിക്കേണ്ടതായിവരും.

ശ്രീ. എ. പി. കുര്യൻ: ഈ സംസ്ഥാനത്തെ വെള്ളപ്പൊക്കങ്ങൾ ശാശ്വതമായി തടയുന്നതിനും കെടുതികൾ അവസാനിപ്പിക്കുന്നതിനുംവേണ്ടി മൂന്നു നാലുവർഷം മുൻപ് സംസ്ഥാനഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിനെക്കുറിച്ചാണു ഞാൻ പറഞ്ഞത്. ആ കമ്മിറ്റി ഫ്ളഡ് കൺ

LIBRARY ARCHIVES Kerala Legislative Assembly

ട്രോം നടപ്പാക്കുന്നതിനു വിശദമായ റിപ്പോർട്ട് ഗവൺമെൻറിലേക്കു സമർപ്പിച്ചിട്ടുണ്ട്. അത് ഇക്കാര്യത്തിൽ അടിസ്ഥാനമായി സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്നാണു ചോദിച്ചത്. അല്ലാതെ, യാതൊരു ബന്ധവുമില്ലെന്നു മറുപടിപറഞ്ഞതിൻെറ അർത്ഥം മനസ്സിലായില്ല.

ശ്രീ. ഒ. കോരൻ: ഓരോ പ്രാവശ്യവും വെള്ളപ്പൊക്കമുണ്ടാകുമ്പോൾ മടകൾ ഇടിഞ്ഞുവീഴും. അങ്ങനെയുള്ള അവസരത്തിൽ കേന്ദ്രഗവൺമെൻറിൽ നിന്നു കിട്ടുന്ന ഫണ്ടുപയോഗിച്ച് അതിനുവേണ്ട നടപടികൾ കൈക്കൊള്ളും. ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ വെള്ളപ്പൊക്കത്തിനു ശാശ്വതമായ പരിഹാരം കാണണമെന്നാണ് കുട്ടിയാമുവിൻെറ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ചിലയിടങ്ങളിലെല്ലാം തൽക്കാലശാന്തിക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനത്തെപ്പറ്റിയാണു ഞാൻ പറഞ്ഞത്. അതു കൊണ്ടാണ് കുട്ടിയാമുവിൻെറ റിപ്പോർട്ടുമായി ബന്ധമില്ലെന്നു പറഞ്ഞത്.

ശ്രീ. ഇ. ജോൺജേക്കബ്: പഞ്ചായത്തുകൾക്കായാലും സൊസൈറ്റികൾക്കായാലും ഇന്നും ഇതിനുമുൻപും ഇക്കാര്യത്തിൽ വലിയ പരാതികളുള്ളതുകൊണ്ട് ഗവൺമെൻറിന് ആക്ഷേപത്തിനിടയാക്കാതെ പി. ഡബ്ലിയു.ഡി. റൂൾസ് അനുസരിച്ചുമാത്രം ഈ വർക്കുകൾ കൊടുക്കാനുള്ള ഒരു നയം സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. ഒ. കോരൻ: ഇത് ഗവൺമെൻറിൻെറ നയപരമായ കാര്യമായതുകൊണ്ട് ഇപ്പോൾ പറയാൻസാധ്യമല്ല.

ശ്രീ. ഇ. ജോൺജേക്കബ്: അങ്ങനെയാണെങ്കിൽ ഈ പറയുന്ന റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. കോരൻ: അതെപ്പറ്റി ആലോചിക്കാം.

ശ്രീ. വി. വി. കുഞ്ഞമ്പു: കണ്ണൂർ ജില്ലയിൽ കഴിഞ്ഞ വർഷം വല്ല ഫ്ളഡ് കൺട്രോൾപ്രവർത്തനങ്ങളും തുടങ്ങിയിട്ടുണ്ടോ?

ശ്രീ. ഒ. കോരൻ: ഉണ്ട്. തലശ്ശേരി ഡിവിഷനിൽ കാര്യംകോട് റിവർ, നീലേശ്വരം എന്നിവിടങ്ങളിൽ വെള്ളപ്പൊക്കനിയന്ത്രണപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ 'ബി'യുടെ ഉത്തരത്തിൽ കുറെ വർക്കുകൾ ഏറെറടുത്തിട്ടുണ്ടെന്നുപറഞ്ഞു. ഐക്യമുന്നണിഗവൺമെൻറിൻെറ കാലത്ത് ക്യാബിനറ്റ് തള്ളിക്കളഞ്ഞ ഏതെങ്കിലും വർക്കുകൾ പുതുതായി എടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: വർഷകാലത്ത് വെള്ളത്തിൽമുങ്ങിപ്പോകുന്ന പാലാനഗരത്തിൻെറ സംരക്ഷണത്തിനുവേണ്ടി മീനച്ചൽ ആറിൽ ഫ്ളഡ് കൺട്രോൾ ഏർപ്പെടുത്തണമെന്നു പലതവണ നിവേദനം നടത്തിയിട്ടുണ്ട് എത്രയുംവേഗം ഫ്ളഡ് കൺട്രോൾ പ്രവർത്തനം ആരംഭിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ഒ. കോരൻ: അതെപ്പറ്റി ഗവൺമെൻറിൻെറ സാമ്പത്തികനില പരിഗണിച്ചശേഷം ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly